4
തിങ്കൾ
പേജ് - 5
ഡിസംബർ
Vol. 2 Issue 302
ക്രിസ്ത്യൻലൈവ് ദിനപത്രം
On the Battlefield for the Great Commission
CNL7 MEDIA
673

# ശാരോൻ ഫെല്ലോഷിപ്പ് ചർച്ച്
# ജനറൽ കൺവൻഷന് അനുഗ്രഹീത സമാപ്തി




3

കർത്താവ് നമ്മെ വിളിച്ചിരിക്കുന്ന ഉദ്ദേശത്തിലേക്കു മുന്നേറുവാൻ നാം എഴുന്നേൽക്കണമെന്ന് ശാരോൻ ഫെല്ലോഷിപ്പ് ചർച്ച് അന്തർദേശീയ പ്രസിഡന്റ് പാസ്റ്റർ ജോൺ തോമസ്. ദൈവം കരുണയുള്ളവനായതുകൊണ്ടാണ് അവിടുന്ന് നമ്മോടു കൂടെ ഇരിക്കുന്നത്. അതിനാൽ ദൈവത്തിൽ ആശ്രയിച്ചു ദൗത്യം നിർവഹിക്കാൻ ഒരുങ്ങണമെന്നും അദ്ദേഹം കൂട്ടിചേർത്തു.

എഡിറ്റോറിയൽ

# ക്രിസ്ത്യൻ ലൈവ്

2023 ഡിസംബർ 4 തിങ്കൾ

## ലജ്ജയായതിൽ മാനം തോന്നുന്നവർ

**വി**രാട് കോഹ്ലിയുടെ ഉടമസ്ഥതയിൽ മുംബൈയിലുള്ള റസ്റ്റോറന്റിൽ മുണ്ട് ധരിച്ച് എത്തിയ തമിഴ്നാട് സ്വദേശിയായ യുവാവിന് പ്രവേശനം നൽകിയില്ല എന്ന് പരാതി. റസ്റ്റോറന്റിലെ ഡ്രസ്സ് കോഡ് പാലിച്ചില്ല എന്നതാണ് കാരണം. ചില സ്ഥലങ്ങളിൽ പ്രവേശിക്കുന്നതിന് പ്രത്യേകമായ ഡ്രസ്സ് കോഡ് ഉണ്ട്. അത് ഇല്ലാത്തവരെ പ്രവേശിപ്പിക്കുകയില്ല. ഇതിനെ അനുകൂലിച്ചും എതിർത്തും ധാരാളമാളുകൾ രംഗത്തുവരുന്നുണ്ട്. ഒരു പൊതു ഇടത്ത് ഇത്തരം ഡ്രസ്സ് കോഡുകൾ വയ്ക്കുന്നതിന്റെ യുക്തിയെ ആളുകൾ ചോദ്യം ചെയ്യുന്നുമുണ്ട്.

വിശുദ്ധ ബൈബിളിൽ മത്തായി എഴുതിയ സുവിശേഷം 28: 11 മുതൽ 14 വരെ വാക്യങ്ങളിൽ കല്യാണ വസ്ത്രം ധരിക്കാതെ കല്യാണ സദ്യക്ക് കയറിപ്പോയ ഒരാളെ കാണാം. അവിടെ രാജാവ് അതിഥികളെ കാണാൻ വരുമ്പോൾ കല്യാണ വസ്ത്രം ധരിക്കാത്ത ഇയാളെ അവിടെ കാണുകയും ചോദ്യം ചെയ്ത് പുറത്താക്കുകയും ചെയ്തു. ആരാധനാപരമായ ശുശ്രൂഷകളിൽ ഏർപ്പെടുമ്പോൾ ശുശ്രൂഷകന്മാർ ധരിക്കേണ്ട വസ്ത്രങ്ങളെക്കുറിച്ച് പഴയനിയമത്തിൽ പലയിടത്തും പരാമർശങ്ങൾ ഉണ്ട്. ഏദൻ തോട്ടത്തിൽ മനുഷ്യൻ പാപം ചെയ്തു കഴിഞ്ഞപ്പോൾ അവർ നഗ്നരാണെന്നു അറികയാൽ തോലുകൊണ്ട് ദൈവം അവർക്ക് വസ്ത്രം ഉണ്ടാക്കി എന്ന് നമ്മൾ കാണുന്നു. വസ്ത്രധാരണത്തെ സംബന്ധിച്ച വ്യക്തമായ നിർദ്ദേശങ്ങൾ വിശുദ്ധ ബൈബിളിൽ പലയിടത്തും നമുക്ക് കാണുവാൻ കഴിയുന്നുമുണ്ട്.

ഇന്ന് നിഭാഗ്യവശാൽ ഏറ്റവും കുറവ് വസ്ത്രം ധരിക്കുന്നത് ആണ് ഫാഷൻ എന്ന് പലരും ചിന്തിച്ചു തുടങ്ങിയിരിക്കുന്നു. ലജ്ജയായതിൽ അവർക്ക് മാനം തോന്നുന്നു എന്ന് അപ്പോസ്തലൻ എഴുതിയത് എത്ര സത്യമാണ്.

നമ്മുടെ വസ്ത്രം നഗ്നത മറയ്ക്കുന്നതും മാന്യവും ആയിരിക്കട്ടെ! നഗ്നത പ്രദർശിപ്പിക്കാൻ ഉള്ളതല്ല നമ്മുടെ ശരീരം; ദൈവത്തെ മഹത്വപ്പെടുത്തുവാൻ ഉള്ളതാണ്. ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവീൻ.



പാസ്റ്റർ അനു കോശി

# ഐപിസി പുനലൂർ സെന്റർ കൺവൻഷൻ

പുനലൂർ: ഐപിസി പുനലൂർ സെന്ററിന്റെ 48 മത് വാർഷിക കൺവൻഷൻ ജനുവരി 31 മുതൽ ഫെബ്രുവരി 4 വരെ ഐപിസി പേപ്പർമിൽ സീയോൻ സഭാ ഗ്രൗണ്ടിൽ നടക്കും.സെന്റർ മിനിസ്റ്റർ പാസ്റ്റർ ജോസ് കെ ഏബ്രഹാം ഉദ്ഘാടനം ചെയ്യുന്ന യോഗത്തിൽ പാസ്റ്റർമാരായ ഷാജി എം പോൾ വെണ്ണിക്കുളം, പി.സി ചെറിയാൻ റാന്നി, ബി മോനച്ചൻ കായംകുളം, കെ.ജെ തോമസ് കുമളി, കെ.സി ശാമുവേൽ എറണാകുളം, എബ്രഹാം ജോർജ്ജ് ആലപ്പുഴ എന്നിവർ പ്രസംഗിക്കും. കൺവൻഷനോട് അനുബന്ധിച്ച് സണ്ടേസ്കൂൾ, സോദരീ സമാജം, പി വൈ പി എ എന്നീ പുത്രികാ സംഘടനകളുടെ വാർഷികവും നടക്കും. കൺവൻഷന്റെ വിപുലമായ ക്രമീകരണങ്ങൾക്കായി സെന്റർ സബ് കമ്മറ്റി രൂപീകരിച്ചു.

## ഡോ. ക്രിസ്റ്റി ഫെർണാണ്ടസ് അന്തരിച്ചു



കൊച്ചി: മുൻ രാഷ്ട്രപതി പ്രതിഭാപാട്ടീലിന്റെ സെക്രട്ടറിയായിരുന്ന ഡോ. ക്രിസ്റ്റി ഫെർണാണ്ടസ് (73) അന്തരിച്ചു. കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിൽ ഇന്ന് പുലർച്ചെയായിരുന്നു അന്ത്യം. വാർധക്യ സഹജമായ അസുഖങ്ങളെ തുടർന്ന് ചികിത്സയിലിരിക്കെയാണ് മരണം സംഭവിച്ചത്.

2014ലെ തിരഞ്ഞെടുപ്പിൽ എൽ ഡി എഫ് സ്ഥാനാർഥിയായി കെ വി തോമസിനെതിരെ എറണാകുളത്ത് മത്സരിച്ചിരുന്നു. നരേന്ദ്ര മോദി മുഖ്യമന്ത്രിയായിരുന്ന കാലത്ത് ഗുജറാത്തിൽ നഗര വികസന വകുപ്പ്, ടൂറിസം വകുപ്പിന്റെയും പ്രിൻസിപ്പൽ സെക്രട്ടറിയായി പ്രവർത്തിച്ചിട്ടുണ്ട്.കൊല്ലം ക്ലാപ്പന സ്വദേശിയായ ഡോ. ക്രിസ്റ്റി ഫെർണാണ്ടസ് എറണാകുളത്ത് കലൂരിലാണ് ദീർഘകാലമായി താമസിച്ചിരുന്നത്. ക്രിസ്റ്റി ഫെർണാണ്ടസിന്റെ മൃതദേഹം നാളെ കലൂർ പൊറ്റക്കുഴിയിലെ വീട്ടിൽ പൊതു ദർശനത്തിന് വെക്കുകയും പിന്നീട് സ്വദേശമായ കൊല്ലത്തേക്ക് കൊണ്ടുപോകും.

## മിഷോങ് ചുഴലിക്കാറ്റ്: 118 ട്രെയിനുകൾ റദ്ദാക്കി

ചെന്നൈ: മിഷോങ് ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ രാജ്യത്ത് 118 ട്രെയിൻ സർവീസുകൾ റദ്ദാക്കി. കേരളത്തിൽ നിന്നുള്ള 35 ട്രെയിനുകളും റദ്ദാക്കിയിട്ടുണ്ട്. തമിഴ്നാടിലൂടെ സർവീസ് നടത്തുന്ന ട്രെയിനുകളാണ് റദ്ദാക്കിയത്. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് മറ്റ് സംസ്ഥാനങ്ങളിലേക്ക് പോകുന്നതും അവിടെ നിന്ന് തിരിച്ചുവരുന്നതുമായ 35 ട്രെയിനുകളാണ് ഇതിൽ ഉൾപ്പെടുന്നത്.

ഡിസംബർ 3 മുതൽ 6 വരെ തീയതികളിലെ ദീർഘദൂര ട്രെയിനുകളുൾപ്പെടെയാണ് റദ്ദാക്കിയത്.

## രൂപാന്തരപ്പെടുത്തുന്ന സ്നേഹം

ലോകത്തിലുള്ള മറ്റു ഗ്രന്ഥങ്ങളിൽ നിന്നും വ്യത്യസ്തമായി ബൈബിളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളെല്ലാം നിറവേറ്റപ്പെടുന്നതിനാലാണ് ബൈബിൾ ഞാൻ ഇഷ്ടപ്പെടുന്നത്. ബൈബിൾ വായിക്കുന്നവനും വായിച്ചു കേൾപ്പിക്കുന്നവനും അനുഗ്രഹിക്കപ്പെടും.

കർത്താവായ യേശുക്രിസ്തുവിനെ പൂർണ്ണമായി വരച്ചു കാട്ടി രിക്കുന്ന ഏക പുസ്തകം ബൈബിളാണ്. വളരെ വ്യക്തമായ പരിശുദ്ധ ഗ്രന്ഥമാണ് ബൈബിൾ. ലോകജനതയെ രൂപാന്തരപ്പെടുത്തുന്ന സ്നേഹമാണത്.



ഷേർലി തോമസ്
അസംബ്ലീസ് ഓഫ് ഗോഡ് ചർച്ച്, മുസഫാ

ക്രിസ്റ്റ്യൻ ലൈവ് യുഎഇ എഴുത്തു മത്സരം




AL QTR TOURISM
Quality Tourism Resources

## ഉപവാസ പ്രാർത്ഥന

തിരുവല്ല: ജനുവരി 7 മുതൽ 14 വരെ തിരുവല്ല പബ്ളിക് സ്റ്റേഡിയത്തിൽ നടക്കുന്ന പെന്തകോസ്ത് ഐക്യ കൺവൻഷൻ ഉണർവ് Y2K24 ന്റെ അനുഗ്രഹത്തിനായി 21 ദിവസത്തെ ഉപവാസ പ്രാർത്ഥന സംഘടിപ്പിക്കുന്നു. ഡിസംബർ 5 മുതൽ 26 വരെ തിരുവല്ലയിലെ വിവിധ പെന്തകോസ്ത് സഭകളിലായി നടക്കുന്ന ഉപവാസ പ്രാർത്ഥനയ്ക്ക് പാസ്റ്റർ ജേക്കബ് ജോൺ നേതൃത്വം നൽകും.

പത്തനാപുരത്ത് 13.75 സെന്റ് സ്ഥലം വില്പനയ്ക്ക്
(For Urgent Sale)
പ്രശാന്ത സുന്ദരമായ പത്തനാപുരം ശാലേംപുരം (ഇരുപത്തി ആറാം കുറ്റി) ചെങ്കിലാത്തു റൂട്ടിൽ( ഐപിസി ചർച്ചിനും എ ജി ചർച്ചിനും) ഇടയിൽ നല്ല ഹൗസ് പ്ലോട്ട് ഉടൻ വില്പനയ്ക്ക്. 13.75സെന്റ്.2 വീടുവെയ്ക്കാൻ വളരെ അനുയോജ്യമായ നല്ല ഫ്രണ്ടേജ് .
ടാർ റോഡ്, ക്രിസ്ത്യാനി ഏരിയ,വെള്ളപൊക്കം ഇല്ലാത്ത ഏരിയ,വൈദ്യുതി, വെള്ളം,വഴി തുടങ്ങിയ എല്ലാ സൗകര്യവുമുണ്ട്. താല്പര്യമുള്ളവർ നേരിട്ട് വിളിക്കുക.
ഫോൺ: +971506948206 (അബുദാബി)
+919526713475 (വാട്സ്ആപ്പ്)

Christian Live (Malayalam) Advertisement Tariff

| Full Page | Quarter Page |
|---|---|
| Front – 5000 INR | Front - 1250 INR |
| Back – 4000 INR | Back - 1000 INR |
| Inside- 3000 INR | Inside- 750 INR |
| **Half Page** | **Half of Quarter Page** |
| Front - 2500 INR | Front - 750 INR |
| Back- 2000 INR | Back - 500 INR |
| Inside -1500 INR | Inside- 250 INR |

ഒരേ സമയത്ത് ഒന്നിലേറെ ദിവസങ്ങളിൽ പരസ്യങ്ങൾ നൽകുന്നവർക്ക് പ്രത്യേക ഇളവുകൾ ഉണ്ടായിരിക്കും

EDITORIAL BOARD
Chief Editor:
Blessin John Malayil
Managing Editor
Aji George
Publisher
Nelson George
Editors:
Pr Sajo Thonikkuzhiyil
Pr. Titus Johnson
Pr. Sam Elambal
Joji lype Mathews
Pr. Shibu Thomas , Oklahoma .
+91 9188522220 +91 9846552220
Email: cnl7news@gmail.com
Layout: Shaji Vazhoor ... 9656571354

# ശാരോൻ ഫെല്ലോഷിപ്പ് ചർച്ച് ജനറൽ കൺവൻഷന് അനുഗ്രഹീത സമാപ്തി




തിരുവല്ല: ശാരോൻ ഫെല്ലോഷിപ്പ് ചർച്ച് ജനറൽ കൺവൻ സമാപിച്ചു. കർത്താവ് നമ്മെ വിളിച്ചിരിക്കുന്ന ഉദ്ദേശത്തിലേക്കു മുന്നേറുവാൻ നാം എഴുന്നേൽക്കണമെന്ന് ശാരോൻ ഫെല്ലോഷിപ്പ് ചർച്ച് അന്തർദേശീയ പ്രസിഡന്റ് പാസ്റ്റർ ജോൺ തോമസ്. ദൈവം കരുണയുള്ളവനായതുകൊണ്ടാണ് അവിടുന്ന് നമ്മോടു കൂടെ ഇരിക്കുന്നത്. അതിനാൽ ദൈവത്തിൽ ആശ്രയിച്ചു ദൗത്യം നിർവഹിക്കാൻ ഒരുങ്ങണമെന്നും അദ്ദേഹം കൂട്ടിചേർത്തു. ശാരോൻ ഫെല്ലോഷിപ്പ് ചർച്ച് ജനറൽ കൺവൻഷന്റെ സമാപന സന്ദേശം നൽകുകയായിരുന്നു അദ്ദേഹം. മിനിസ്റ്റേഴ്സ് കൗൺസിൽ ജനറൽ സെക്രട്ടറി പാസ്റ്റർ വിജെ തോമസ് അധ്യക്ഷത വഹിച്ചു. ദേശീയ പ്രസിഡന്റ് പാസ്റ്റർ എബ്രഹാം ജോസഫ് മാനേജിങ് കൗൺസിൽ ജനറൽ സെക്രട്ടറി പാസ്റ്റർ ജേക്കബ് ജോർജ് കെ വൈസ് പ്രസിഡന്റ്മാരായ പാസ്റ്റർ ഫിന്നി ജേക്കബ് പാസ്റ്റർ ജോൺസൻ കെ സാമൂവേൽ മാനേജിങ് കൗൺസിൽ സെക്രട്ടറി പാസ്റ്റർ ജോസ് ജോസഫ് പാസ്റ്റർ സാം തോമസ് പാസ്റ്റർ സാം ജി കോശി പാസ്റ്റർ വൽസൻ ജോർജ് പാസ്റ്റർ ജോമോൻ ജോസഫ് പാസ്റ്റർ എബ്രഹാം മന്ദമരുതി പാസ്റ്റർ ഫിലിപ്പ് എബ്രഹാം ബ്രദർ ജെയിംസ് ഉമ്മൻ ബ്രദർ ഷിജു ജോർജ് സിസ്റ്റർ ഏലിയാമ്മ കോശി തുടങ്ങിയവർ പ്രസംഗിച്ചു. പാസ്റ്റർമാരായ നൈനാൻ കെ ജോർജ്, സാം ഫിലിപ്പ്, ഷാജി പാപ്പച്ചൻ, അനിൽ കെ കോശി, സാംസൺ പി തോമസ്, ബ്രദർ കെ തങ്കച്ചൻ എന്നിവർ പ്രാർത്ഥിച്ചു. ജോ. സെക്രട്ടറി ബ്രദർ സൈമൺ റ്റി നന്ദി അറിയിച്ചു. പാസ്റ്റർ എബ്രഹാം ജോസഫ് സമാപന പ്രാർത്ഥന നടത്തി.




ക്രിസ്ത്യൻലൈവ് ദിനപത്രം

## കുടുംബപ്രാർത്ഥനാ സഹായി

**ആഫ്രിക്കയിലെ വിവിധ രാജ്യങ്ങൾക്കായും നമുക്ക് പ്രാർത്ഥിക്കാം.**

### നൈജർ

തലസ്ഥാനം:
നിയാമെയ്
ഭാഷ:
ഫ്രഞ്ച്
ജനസംഖ്യ:
27,202,843
പ്രസിഡണ്ട്:
മുഹമ്മദ് ബസും
മതം :
ഇസ്ലാം




**ഇന്നത്തെ പ്രാർത്ഥനാ വിഷയങ്ങൾ**

- രാജ്യത്ത് ക്രിസ്തുവിനെ കുറിച്ച് പങ്കിടാനും കൂടുതൽ സഭകൾ ജന്മമെടുക്കാനായും പ്രാർത്ഥിക്കുക.
- വർധിച്ചുവരുന്ന പീഡനങ്ങളും അക്രമങ്ങളും അവസാനിക്കാനായും വിശ്വാസികൾ തളരാതെ ഉറച്ചുനിൽക്കാനായും പ്രാർത്ഥിക്കുക.
- സാമ്പത്തിക നേട്ടത്തിനായി ക്രിസ്തീയ വിശ്വാസികളെ തട്ടിക്കൊണ്ടുപോകുന്നതും വില പേശുന്നതും സാധാരണമാണ്. ജനത്തിന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.

**നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങൾ വാട്സാപ് ചെയ്യുക:**

സിസ്റ്റർ റ്റിജി കോശി (പ്രയർ കോർഡിനറ്റർ, ക്രിസ്ത്യൻ ലൈവ്):+966 58 177 6032

Contact us: +91 98465 52220,
+91 99619 33322

## മണിപ്പൂരിൽ വീണ്ടും അക്രമം; വെടിവയ്പിൽ 13 പേർ കൊല്ലപ്പെട്ടു

ഇംഫാൽ : മണിപ്പൂരിൽ വീണ്ടും സംഘർഷം. മണിപ്പൂരിലെ തെങ്നൗപാൽ ജില്ലയിൽ ഇന്ന് നടന്ന വെടിവെപ്പിൽ 13 പേർ കൊല്ലപ്പെട്ടതായി റിപ്പോർട്ട്. തെങ്നൗപാൽ ജില്ലയിലെ സൈബോളിന് സമീപമുള്ള ലെയ്തു ഗ്രാമത്തിലാണ് സംഭവം. പ്രദേശത്ത് ഉച്ചയ്ക്ക് ശേഷം ഇരുസംഘങ്ങൾ തമ്മിലുണ്ടായ ആക്രമണത്തിലാണ് 13 പേർ കൊല്ലപ്പെട്ടതെന്ന് സുരക്ഷാ ഉദ്യോഗസ്ഥർ മാധ്യമങ്ങളോട് പറഞ്ഞു.

വെടിവെപ്പ് നടന്ന സ്ഥലത്ത് നിന്നും പത്ത് കിലോമീറ്റർ അകലെയായിരുന്നു സുരക്ഷാ സേന ഉണ്ടായിരുന്നത്. വിവരമറിഞ്ഞ് സൈന്യം സംഭവസ്ഥലത്ത് എത്തിയപ്പോൾ 13 പേരെ മരിച്ച നിലയിൽ കണ്ടെത്തുകയായിരുന്നെന്നും ഉദ്യോഗസ്ഥൻ പറഞ്ഞു. മൃതദേഹങ്ങളിൽ നിന്നോ സമീപ സ്ഥലങ്ങളിൽ നിന്നോ ആയുധങ്ങളൊന്നും കണ്ടെത്തിയിട്ടില്ലെന്നും സൈന്യം പറഞ്ഞു. മരിച്ച 13 പേരും ലീത്തു മേഖലയിൽ നിന്നുള്ളവരല്ലെന്നും പ്രത്യേകസംഘമായി മറ്റൊരിടത്ത് നിന്നെത്തിയവരായിരിക്കാമെന്നും സൈന്യം വ്യക്തമാക്കി. അതേസമയം മരിച്ച വ്യക്തികളുടെ പേരുവിവരം പൊലീസോ സുരക്ഷാ സേനയോ സ്ഥിരീകരിച്ചിട്ടില്ല.

സംസ്ഥാനത്ത് ഇന്റർനെറ്റ് നിരോധനം ഭാഗികമായി പിൻവലിച്ചതിന് പിന്നാലെയാണ് വീണ്ടും അക്രമസംഭവം ഉണ്ടായത്. നേരത്തെ മണിപ്പൂരിലെ ഉക്റൂൾ ടൗണിലുള്ള പഞ്ചാബ് നാഷണൽ ബാങ്കിൽ നിന്ന് സായുധസംഘം കോടി കണക്കിന് രൂപ കൊള്ളയടിച്ചിരുന്നു. അതേസമയം സംസ്ഥാനത്ത് കഴിഞ്ഞ മേയ് മാസം മുതൽ മെയ്തി കുകി വിഭാഗങ്ങൾ തമ്മിൽ സംഘർഷം തുടരുകയാണ്. കലാപത്തിൽ 175പേർ കൊല്ലപ്പെട്ടെന്ന് സുപ്രീംകോടതി നിയോഗിച്ച സമിതി കണ്ടെത്തിയിരുന്നു. ഇതിൽ 169 പേരെ തിരിച്ചറിഞ്ഞു. 81 മൃതദേഹങ്ങൾ കുടുംബങ്ങൾ ഏറ്റുവാങ്ങി. 88 മൃതദേഹങ്ങൾ ആരും ഏറ്റെടുത്തിട്ടില്ലെന്നും സമിതിയുടെ റിപ്പോർട്ടിൽ പറഞ്ഞിരുന്നു. ജമ്മു കശ്മീർ ഹൈക്കോടതി മുൻ ചീഫ് ജസ്റ്റിസ് ഗീത മിട്ടലിന്റെ നേതൃത്വത്തിലുള്ള സമിതിയാണ് റിപ്പോർട്ട് സമർപ്പിച്ചത്.

## നൈജീരിയയിൽ വീണ്ടും ക്രൈസ്തവർക്ക് നേരെ ആക്രമണം




അബൂജ :നൈജീരിയയിലെ രണ്ട് ഗ്രാമങ്ങളിൽ നവംബർ 30 ന് ഫുലാനി തീവ്രവാദികൾ നടത്തിയ ആക്രമണത്തിൽ ഏഴ് ക്രൈസ്തവർ കൊല്ലപ്പെട്ടു. മാംഗു കൗണ്ടിയിലെ പുക, ഡിന്റർ ഗ്രാമങ്ങൾ പുലർച്ചെ ഒരു മണിയോടെയാണ് ആക്രമണം നടന്നത്. ഫുലാനി തീവ്രവാദികൾ ഏഴ് ക്രൈസ്തവരെ കൊലപ്പെടുത്തി. കൂടാതെ മൂന്ന് ക്രൈസ്തവരെ തട്ടിക്കൊണ്ടു പോകുകയും ചെയ്തു. സംഭവത്തിൽ പരിക്കേറ്റവർ ഇപ്പോൾ ചികിത്സയിലാണ്. ടോറോ കൗണ്ടിയിൽ നടന്ന മറ്റൊരു ആക്രമത്തിൽ തട്ടിക്കൊണ്ടു പോയ മൂന്ന് ക്രൈസ്തവരെ അന്ന് വൈകുന്നേരം രക്ഷപ്പെടുത്തിയതായി പ്രാദേശിക പത്രങ്ങൾ റിപ്പോർട്ട് ചെയ്തു.

# വ്യാജ മതനിന്ദ കുറ്റം ചുമത്തി ജയിലിൽ കഴിഞ്ഞ ക്രൈസ്തവ വിശ്വാസിക്ക് ജാമ്യം

ലാഹോർ: വ്യാജ മതനിന്ദ കുറ്റം ചുമത്തി ജയിലിൽ അടച്ച ക്രൈസ്തവ വിശ്വാസിക്ക് പാക്കിസ്ഥാനിലെ ലാഹോർ ഹൈക്കോടതി ജാമ്യം അനുവദിച്ചു. സർഗോദ ജില്ലാ ജയിലിൽ തടവിൽ കഴിഞ്ഞിരുന്ന ഹാരുൺ ഷഹസാദ് (45)നാണ് ജാമ്യം നൽകിയത്. ജൂൺ 30നാണ് കേസിന് ആസ്പദമായ സംഭവം. ഹാരുൺ ഷഹസാദ് ഫേസ്ബുക്കിൽ പോസ്റ്റ് ചെയ്ത ഒരു ബൈബിൾ വചനം മുസ്ലീം മത വിശ്വാസികളെ പ്രകോപിപ്പിക്കുകയായിരുന്നു. തനിക്ക് വധശിക്ഷ ലഭിക്കണമെന്ന് ആരോപിച്ചുകൊണ്ട് തന്റെ ചിത്രങ്ങൾ കെട്ടിച്ചമച്ച മതനിന്ദാ ആരോപണങ്ങളുമായി ഇമ്രാൻ ലതാർ എന്നൊരാളാണ് സാമൂഹ്യ മാധ്യമങ്ങളിൽ പോസ്റ്റ് പ്രചരിപ്പിച്ചതെന്ന് ഹാരുൺ ഷഹസാദ് പറയുന്നു. താൻ മൂല്യമേറിയ സർക്കാർ ഭൂമി വാങ്ങി ഒരു ക്രൈസ്തവ ദേവാലയം നിർമ്മിക്കാൻ നൽകിയിരുന്നതായും, ഒരുപക്ഷേ ഇതായിരിക്കാം തീവ്ര ഇസ്ലാമിക പാർട്ടിയായ തെഹ്രീക്ഇലബ്ബായിക്കുമായും, നിരോധിക്കപ്പെട്ട തീവ്രവാദ പ്രസ്ഥാനമായ ലഷ്കർ ഇ ജാൻവിയുമായും ബന്ധം ആരോപിക്കപ്പെടുന്ന പരാതിക്കാരന് തന്നോട് വിരോധം തോന്നാൻ കാരണമെന്ന് ഹാരുൺ പറയുന്നു.




ഈ സംഭവത്തിനു ശേഷം തുടർച്ചയായ ഭീഷണി കാരണം ഇവർ താമസിച്ചിരുന്ന പഞ്ചാബ് പ്രവിശ്യയിൽ നിന്നും നിരവധി ക്രൈസ്തവ കുടുംബങ്ങളാണ് പലായനം ചെയ്തത്. സുരക്ഷാ ഭീഷണിയെ തുടർന്ന് താമസിക്കുന്ന സ്ഥലം മാറിക്കൊണ്ടിരിക്കുന്നതിനാൽ തന്റെ കുട്ടികൾക്ക് വിദ്യാഭ്യാസം നടത്താൻ സാധിക്കുന്നില്ലെന്ന് അദ്ദേഹം പറഞ്ഞു.





ഷിജു മാത്യു, ഇഞ്ചത്തുണ്ടിയിൽ

# ദൈവ രാജ്യത്തിന്റെ ശത്രുക്കൾ

നമ്മുടെ രാജ്യം എക്കാലവും ശത്രുക്കളുടെ ഭീഷണി നേരിടാറുണ്ട്. അത് അയൽരാജ്യങ്ങളിൽ നിന്നുള്ളവ ആകാം.അതുമല്ലെങ്കിൽ ഏതെങ്കിലും ഭീകര സംഘടനകളിൽ നിന്നും ഉണ്ടാകാം. അതു കൊണ്ട് തന്നെ നമ്മുടെ ഗവണ്മെന്റ് രാജ്യ സുരക്ഷയ്ക്ക് എപ്പോഴും മുൻഗണന കൊടുക്കാറുണ്ട്. ശത്രു കടന്നു വരാൻ സാധ്യത ഉള്ള എല്ലാ അതിർത്തികളിലും എല്ലായ്പോഴും അതീവ സുരക്ഷ ആയിരിക്കും. എന്നാൽ രാജ്യത്തിൻറെ വളർച്ചയെ പിന്നോട്ടു നയിക്കുന്ന മറ്റ് ചില ശത്രുക്കൾ രാജ്യത്തിനകത്തു തന്നെ ഉണ്ട്. അത് ഓരോ ദിവസവും വർധിച്ചു വരുന്ന അഴിമതിയും കെടുകാര്യസ്ഥതയും വർഗീയതയുമെല്ലാം ആണ്.ഇവ നമ്മുടെ രാജ്യത്തിൻറെ പുരോഗതിക്കു എന്നും വിലങ്ങു തടികൾ തന്നെ ആണ്.

ആത്മീയ ലോകത്തിലും ഇതേ തരത്തിലുള്ള പ്രശ്നങ്ങൾ നാം നേരിടാറുണ്ട്. സുവിശേഷത്തിനു ശത്രുക്കളായി നാം പലപ്പോഴും പുറത്തുള്ളവരെയാണ് കാണാറുള്ളത് എന്നാൽ ഒന്നാം നൂറ്റാണ്ടു മുതൽ സുവിശേഷത്തെ തകർക്കാൻ ഒരുപാടു രാജ്യങ്ങളും വ്യക്തികളും ശ്രമിച്ചെങ്കിലും അതെല്ലാം സുവിശേഷം തഴച്ചു വളരാനുള്ള വളമാവുകയാണ് ചെയ്തത്. 'ഓരോ തുള്ളിച്ചോരയിൽ നിന്നും?ഒരായിരം പേരുയരുന്നൂ?ഉയരുന്നൂ അവർ നാടിൻ മോചന?രണാങ്കണത്തിൽ പടരുന്നൂ ' . പി ഭാസ്കരൻ കമ്മ്യൂണിസ്റ്റു സഖാകളെപ്പറ്റി എഴുതിയതാണെങ്കിലും അത് ഏറ്റവും കൂടുതൽ ഇണങ്ങുക ക്രിസ്തീയ രക്തസാക്ഷികളെ സംബന്ധിച്ചാണ്. സഭയുടെ ശത്രുക്കൾ വർധിക്കുന്ന എല്ലാ സ്ഥലങ്ങളിലും സഭ വളർന്നിട്ടേ ഉള്ളൂ.കാരണം ദൈവ സഭയുടെ കാവൽക്കാരൻ ദൈവമാണ്. അവനെ തോൽപ്പിച്ച് ഇത് തകർക്കുവാൻ ആർക്കും കഴിയില്ല.നമ്മൾ നമ്മളെ ഏല്പിച്ച ധൗത്യം കൃത്യമായി ചെയ്യുക മാത്രമേ വേണ്ടൂ.

എന്നാൽ എക്കാലവും ദൈവസഭയ്ക്കു ഭീഷണി ആകുന്നത് വളർച്ചയ്ക്ക് തടയിടുന്ന സഭയ്ക്കുള്ളിലെ അനാത്മികത ആണ്. പണ്ടാരോ പറഞ്ഞത് പോലെ' ദൈവത്തിന് മക്കൾ മാത്രമേ ഉള്ളൂ, കൊച്ചു മക്കൾ ഇല്ല' ദൈവ വിളി കെട്ടിറങ്ങിയ ഒരു തലമുറ നമുക്കുണ്ടായിരുന്നു. അവർ എല്ലാം ഉപേക്ഷിച്ചു യേശു മാത്രം മതി എന്നു ചിന്തിച്ചു ഇറങ്ങി തിരിച്ചു. അവരുടെ ലക്ഷ്യങ്ങളിൽ യേശുവല്ലാതെ ഈ ലോകത്തിലെ ഒന്നുമില്ലായിരുന്നു. അന്നവർ വലിച്ചെറിഞ്ഞ സ്വർണവും സമ്പത്തുമെല്ലാം ശരീരത്തിൽ നിന്ന് മാത്രമല്ലായിരുന്നു, മനസ്സിൽ നിന്ന് കൂടി ആയിരുന്നു.കാരണം ക്രിസ്തുവിനു വേണ്ടി ജീവൻ പോലും കൊടുക്കാൻ മടിയില്ലാത്തവന് മറ്റെല്ലാം ചപ്പും ചവറുമാകുമല്ലോ.

അവരുടെ അടുത്ത തലമുറയിൽ ഉള്ള മിക്കവാറും തങ്ങളുടെ മാതാപിതാക്കൾ കണ്ട യേശുവിനെ ഞങ്ങൾക്കും വേണം എന്നാഗ്രഹം ഉള്ളവർ ആയിരുന്നു. ആ സന്തോഷം അവർക്കും വേണം എന്നാഗ്രഹിച്ചു. എന്നാൽ മൂന്നും നാലും തലമുറ എത്തിയപ്പോഴേക്കും ദൈവ വിളി ലഭിക്കാത്തവരുടെ എണ്ണം സഭകളിൽ വർധിച്ചു. മാതാപിതാക്കളൊ പങ്കാളികളോ വിശ്വാസികൾ ആയതിന്റെ പേരിൽ മാത്രം

സഭകളിൽ വരുന്നവർ ആയി പലരും. പതിയെ പതിയെ അവർ തങ്ങൾക്കു താല്പര്യമുള്ള സഭാ രാഷ്ട്രീയത്തിലേക്കും ജഡീക കാര്യങ്ങളിലേക്കും മറ്റും ശ്രദ്ധ തിരിച്ചു തുടങ്ങി.യിസ്രായേൽ മിസ്രയിമിൽ നിന്ന് ഇറങ്ങി തിരിച്ചെങ്കിലും മരുഭൂമിയിൽ മോശയ്ക് എതിരെ പ്രശ്നമുണ്ടാക്കിയതും മിസ്രയിമിലെ ശവക്കല്ലറകളുടെയും ഇറച്ചികലങ്ങളുടെ പേരും പറഞ്ഞു കലഹിച്ചതുമെല്ലാം മിശ്ര ജാതികൾ ആയിരുന്നു എന്നു നാം വചനത്തിൽ വായിക്കുന്നു.

അതേയ് പ്രശ്!നം ഇന്ന് ദൈവസഭയിലും ഉണ്ടായി. യഥാർത്ഥ വീണ്ടും ജനനം പ്രാപിക്കാത്തവരുടെ വർദ്ധനവ് ,കളകൾ വളർന്നു നെല്ലിനെ നശിപ്പിക്കുമതുപോലെ യഥാർത്ഥ വിശ്വാസികളെയും വഴി തെറ്റിക്കുന്നതിലേക്കു ചെന്നെത്തി.

ദൈവ വിളി ഉള്ളവൻ ഇനി ഞാനെങ്ങനെ ദൈവത്തെ പ്രസാദിപ്പിക്കാൻ കഴിയുമെന്ന് ചിന്തിക്കുന്നു. ഇനിയും ഞാൻ എന്തൊക്കെ കൂടെ ഉപേക്ഷിച്ചാൽ ദൈവത്തോട് കൂടുതൽ അടുക്കാൻ കഴിയുമെന്ന് ചിന്തിക്കുന്നു. എന്നാൽ ചിലരെ നാം കണ്ടിടില്ലെ, അത് പാപമാണോ, ഇത് പാപമാണോ, എന്നിങ്ങനെ ചോദിച്ചു, ലോക സ്നേഹം വർധിച്ചു ഒരു പാപ പ്രവർത്തി കൂടെ വിശുദ്ധിയുടെ ലിസ്റ്റിൽ പെടുത്താൻ അവർ തത്രപ്പെട്ടുകൊണ്ടേയ് ഇരിക്കും.

വിളി ഉള്ളവന്റ് കൂടെ ഇറങ്ങി തിരിച്ച ലോത്തു ലോകപ്രകാരം നീരോട്ടമുള്ള സുന്ദരമായ സോദോം തിരഞ്ഞെടുത്തപ്പോൾ ദൈവ വിളി കേട്ട അബ്രഹാം, ദൈവം ശില്പിയായി നിർമിച്ചതും അടിസ്ഥാനങ്ങൾ ഉള്ളതുമായ സ്വർഗീയ നഗരത്തിനായി കാത്തിരുന്നു എന്നു നാം വായിക്കുന്നു.

ദൈവ സഭയെ കെട്ടി അടച്ച തോട്ടം എന്നാണ് ഉപമിച്ചിരിക്കുന്നതു. പുറത്തു നിന്നും അകത്തു നിന്നും ശത്രുക്കൾ എഴുനെൽകാതെ ജാഗരൂകർ ആയിരിക്കേണ്ട കടമ നമുക്കുണ്ടെന്ന് മറക്കാതിരിക്കുക.

CNL7 MEDIA
CHRISTIANLIVE DAILY
Vol. 2 Issue 302
4 Monday Pages 5
673

